II.ഇ.ബി. XII-കേരള നിയമസഭ/XI-12

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 8, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

39 (T*331) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി 2008-09 വാർഷിക പദ്ധതി മുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചതെന്നും പ്രസ്തുത പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെ യുള്ള ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭവനവും ഭൂരഹിതർക്ക് ഭൂമിയും ഭവനവും നിർമ്മിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു.. മൂന്നുവർഷംകൊണ്ട് അടച്ചുതീർക്കാവുന്ന തരത്തിൽ കടമെ ടുത്ത് ഭവനനിർമ്മാണം നടത്താൻ തീരുമാനിച്ചിരുന്നതനുസരിച്ച് പ്രവർത്തനം തുടങ്ങിയെങ്കിലും ലക്ഷ്യം വലുതായതിനാൽ 10 വർഷം കൊണ്ട് തിരിച്ചട യ്ക്കാവുന്ന തരത്തിൽ കടമെടുത്ത് പദ്ധതി പൂർത്തിയാക്കുന്ന രീതിയിൽ ഭേദ ഗതി ചെയ്തു. നാലു ലക്ഷത്തോളം വീടുകൾ നിർമ്മിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ രണ്ടു ലക്ഷത്തോളം പേർക്ക് ഭൂമിയും

നൽകേണ്ടതായി വരും. ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള തുക വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇതനുസരിച്ചുള്ള ഗുണ ഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ നടന്നുവരുന്നു. ആയത് പൂർത്തിയായതിനുശേഷമേ ഗുണഭോക്താക്കളെ സംബന്ധിച്ച വ്യക്ത മായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. പദ്ധതി 2010-11 ഓടെ പൂർത്തിയാക്കു വാൻ ഉദ്ദേശിക്കുന്നു. ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2009-10 മുതൽ 10 വർഷത്തേയ്ക്ക് ലഭി ക്കുന്ന വികസന ഫണ്ടിന്റെ 15 ശതമാനത്തിന് തുല്യമായ തുക സഹകരണ ബാങ്കുകളിൽ നിന്നോ ദേശസാൽകൃത ബാങ്കുകളിൽ നിന്നോ വായ്പയായി കണ്ടെത്താവുന്നതാണ്. വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹി ക്കുന്നതാണ്. ഭവന നിർമ്മാണ വായ്പയുമായി ബന്ധപ്പെട്ട് കൊമേഴ്സ്യൽ ബാങ്കുകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അനുകൂലമായ സമീപനം ഉണ്ടാകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. വിദേശ മലയാളികൾ, വിദേശ മലയാളി സംഘടനകൾ, സ്ഥാപനങ്ങൾ, ഗവൺമെന്റ് ഇതര സംഘട നകൾ, മനുഷ്യ സ്നേഹികൾ എന്നിവരുടെ സംഭാവനകൾ മുഖേന സംസ്ഥാന തലത്തിൽ ഇ.എം.എസ്. ഭവന പരിപാടിക്ക് ഫണ്ട് സ്വരൂപി ക്കുന്നതാണ്. ഇതിനാവശ്യമായ ചട്ടങ്ങളും പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇതുവരെ 32,436 ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കുടുംബശ്രീ മിഷൻ തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റിൽ അർഹരായവർ ഉൾപ്പെടാതെപോയിട്ടുണ്ടെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്തുന്നകാര്യം പരിശോധിച്ചു വരികയാണ്. ഈ പദ്ധതി പ്രകാരം പൊതു വിഭാഗത്തിന് 50,000 രൂപയും പട്ടികജാതി വിഭാഗത്തിന് 75,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 1,00,000 രൂപയുമാണ് വീട് വയ്ക്കാൻ കൊടുക്കുന്നത്.

തുകയുടെ തോതനുസരിച്ചാണ് 40 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമെന്ന് നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക യഥാസമയം ലഭ്യമാകുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മൽസ്യത്തൊഴിലാളികൾക്ക് വീടു വയ്ക്കുന്നതിന് തടസ്സമായി നിൽക്കുന്ന C.R.Z നിയമത്തിന്റെ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അതിന് പരിഹാരമായിട്ടില്ല. വസ്തു കൈമാറ്റം തടയുക എന്ന ലക്ഷ്യത്തോടെയാണ് പത്തു കൊല്ലം ആധാരം പണയപ്പെടുത്തണമെന്നുള്ള നിർദ്ദേശം വച്ചിട്ടുള്ളത്. പൂർത്തിയാകാത്ത വീടുകളുടെ കണക്ക് ലഭ്യമായാൽ അവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

40 (*332) <u>കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഗ്രാമവികസന പദ്ധതികൾ</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്ര സഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പ് സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ), ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എൻ.ആർ.ഇ.ജി.എസ്.), പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ.), ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.), സമ്പൂർണ്ണ ശുചിത്വയജ്ഞം, ഹരിയാലി, ബാക്ക് വേർഡ് റീജിയൺസ് ഗ്രാന്റ് ഫണ്ട് (ബി.ആർ.ജി.എഫ്.) എന്നിവയാണ് നടപ്പാക്കുന്നതെന്ന് സഭയെ അറിയിച്ചു. ഈ പദ്ധതികൾ നടപ്പാക്കാൻ കേന്ദ്രം നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിന് സംസ്ഥാനത്തിന് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ചില പദ്ധതികൾക്ക് അനുവദനീയമായ യൂണിറ്റ് കോസ്റ്റ്/പരമാവധി തുക

സംബന്ധിച്ച വ്യവസ്ഥകളും മറ്റ് ചില പദ്ധതികൾ നടപ്പിലാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക നിബന്ധനകളും ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. . ഇന്ദിരാ ആവാസ് യോജന പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുവദനീയമായ പരമാവധി തുക 38,500/- രൂപയാണ്. ഒരു വീട് നിർമ്മിക്കുന്നതിന് ഈ തുക തീർത്തും അപര്യാപ്തമാണ്. സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിലെ വിവിധ ഘടകങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് യഥാർത്ഥ നിർമ്മാണച്ചെലവുമായി പൊരുത്തപ്പെടുന്നതല്ല. രണ്ട് ടോയ്‌ലറ്റും മൂന്ന് യൂറിനലും ഉൾപ്പെടുന്ന ഒരു യൂണിറ്റ് സ്ക്കൂൾ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത് 20,000 രൂപയാണ്. കേരളത്തിലെ പൊതുമരാമത്ത് നിരക്ക് പ്രകാരം ഇതിന് കുറഞ്ഞത് 55,000 രൂപയെങ്കിലും വേണ്ടിവരും. എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിന് അനുവദനീയമായ പരമാവധി സബ്സിഡി, പദ്ധതി ചെലവിന്റെ 30 ശതമാനമോ, 7,500/- രൂപയോ ആണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ ഇത് യഥാക്രമം 50 ശതമാനമോ 10,000/- രൂപയോ ആണ്. സ്വയംസഹായസംഘങ്ങളുടെ കാര്യത്തിൽ ആളോഹരി 10,000 രൂപയോ പരമാവധി 1.25 ലക്ഷം രൂപയോ ഏതാണ് കുറവ് എന്ന പരിധിക്ക് വിധേയമായി 50 ശതമാനമാണ്. ഈ സബ്സിഡി നിരക്കുകൾ വരുമാനദായകമായ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായകരമല്ല. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഭൂവികസന പ്രവർത്തികൾ പൊതുഭൂമിയിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമിയിലും മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. കേരളത്തിൽ ഈ രണ്ട് വിഭാഗത്തിലുംപ്പെട്ട ഭൂമിയുടെ അളവ് വളരെ കുറവാണ്. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലും നെൽകൃഷിയിലും ദരിദ്ര കുടുംബങ്ങളുടെ ഭവനനിർമ്മാണം, ശുചിത്വ സൗകര്യങ്ങൾ എന്നിവയെക്കൂടി തൊഴിലു

റപ്പ് പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിക്കപ്പെട്ടിട്ടില്ല. പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന പ്രകാരം നിർമ്മിക്കുന്നതിനായി ഏറ്റെടുക്കേണ്ട റോഡുകളിലെ ടെലഫോൺ, വൈദ്യുതി പോസ്റ്റുകൾ, ടെലിഫോൺ കേബിളുകൾ, ജലവിതരണ പൈപ്പുകൾ മുതലായവ മാറ്റുന്നതിനുള്ള ചെലവുകൾ പദ്ധതി ചെലവിൽ ഉൾപ്പെടുത്താൻ അനുവദിക്കുന്നില്ല. റോഡുകൾക്ക് അനുവദനീയമായ ചെരിവ് 1:10 ആയതിനാൽ മലയോര പ്രദേശങ്ങളിൽ ഈ പദ്ധതി പ്രായോഗികമല്ല. കൂടാതെ ടെണ്ടർ എക്സസ്സും അനുവദനീയമല്ല. പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് 8 മീറ്റർ വേണമെന്ന നിബന്ധന സംസ്ഥാനത്തിൽ പ്രായോഗികമല്ല. 6 മീറ്ററായി വീതി കുറയ്ക്കാൻ അനുവാദം തന്ന റോഡുകളിൽ 100 വാഹനങ്ങളിൽ കൂടുതൽ പ്രതിദിനം ഓടാൻ പാടില്ല എന്ന വ്യവസ്ഥ ഇളവിനെ നിഷ്ഫലമാക്കി. കേന്ദ്ര സഹായ പദ്ധതികൾ നടപ്പാക്കുന്നതിന് മുൻ സർക്കാരിന്റെ 5 വർഷക്കാലയളവിൽ 1,116 കോടി രൂപയും ഈ സർക്കാരിന്റെ 3 വർഷക്കാലയളവിൽ 1,282 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, എസ്.സി/എസ്.റ്റി. പ്രൊമോട്ടർമാർ തുടങ്ങിയവർക്ക് സമഗ്രമായ പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതിക്ക് 10 ശതമാനം വരെ ടെണ്ടർ എക്സസ് വഹിക്കാമെന്ന് കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടെലഫോൺ, വൈദ്യുതി പോസ്റ്റുകൾ, ടെലഫോൺ കേബിളുകൾ, ജലവിതരണ പൈപ്പുകൾ മുതലായവ മാറ്റുന്നതിനുള്ള ചെലവുകൾ തദ്ദേശസ്ഥാപനങ്ങൾ വഹിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയ്ക്കും പി.എം.ജി.എസ്.വൈ യ്ക്കും

സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ-യ്ക്ക് 1-6-09 മുതൽ ഇ. ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ പദ്ധതികളുടെ നടത്തിപ്പ് പുരോഗതി വിവിധ തലങ്ങളിൽ അവലോകനം ചെയ്തു വരികയും ചെയ്യുന്നുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ശരാശരി 50-ൽ താഴെ ദിവസങ്ങളിലാണ് ജോലി കൊടുക്കാൻ സാധിച്ചിട്ടുള്ളത്. 100 ദിവസം ജോലി കൊടുക്കണമെന്നുള്ള കേന്ദ്ര നിയമം പൂർണ്ണമായി പ്രായോഗികമാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് സഭയെ മന്ത്രി അറിയിച്ചു. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള കൂലി 160 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) അറിയിച്ചു. .

41 (*333) <u>മാസ്റ്റർ പ്ലാൻ പരിഷ്ക്കരിക്കുന്നതിന് നടപടി</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വളരെ പഴക്കംചെന്ന മാസ്റ്റർ പ്ളാൻ നടപ്പിലാക്കാൻ ശ്രമിക്കുന്നത് സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ വികസന സാധ്യതയേയും നിർമ്മാണ പ്രവൃത്തികളേയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മാസ്റ്റർ പ്ളാൻ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അംഗീകൃത നഗരാസൂത്രണപദ്ധതികൾ പരിഷ്ക്കരിക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന്റെ ഭാഗമായി നഗരാസൂത്രണ പദ്ധതികൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 18 മാസ്റ്റർ/ഡെവലപ്മെന്റ് പ്ലാനുകളും 113 ഡി.ടി.പി സ്കീമുകളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നഗരാസൂത്രണ പദ്ധതി

കൾ തയ്യാറാക്കുന്നതിനായി 2008-09 സാമ്പത്തിക വർഷം ഒരു പുതിയ സ്കീം അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 250 ലക്ഷം രൂപയാണ്. കൂടാതെ നഗരാസൂത്രണ പദ്ധതികളിലെ ഭൂവിനിയോഗം ഉൾപ്പെടെയുള്ള നിയന്ത്രണ നിർദേശങ്ങൾ പുതുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ, കൊല്ലം, കോട്ടയം ഡെവലപ്മെന്റ് പ്ലാനുകൾ, കൊച്ചി സ്ട്രക്ചർ പ്ലാൻ എന്നിവ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കി സർക്കാർ അംഗീകരിച്ചവയും പുനലൂർ കെ.എസ്. ആർ.ടി.സി ബസ് സ്റ്റാന്റ് ഏരിയ ടൗൺ പ്ലാനിംഗ് സ്കീമിൽപെട്ടതും പാലക്കാട്, മലപ്പുറം, ഗുരുവായൂർ വടകര ഡവലപ്മെന്റ് പ്ലാനുകൾ, തിരുവല്ല സെൻട്രൽ ഏരിയ ടൗൺ പ്ലാനിംഗ് സ്കീം എന്നിവ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കുന്നതിനുള്ള കരട് പ്രസിദ്ധികരിച്ചവയും നെയ്യാറ്റിൻകര, കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് പ്ലാനുകൾ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നവയും കടപ്പാക്കട (കൊല്ലം), പൊന്നാനി സെൻട്രൽ ഏരിയ, ഇരട്ടിച്ചിറ-ചെട്ടിയങ്ങാടി (തൃശൂർ) എന്നിവ ടൗൺ പ്ലാനിംഗ് സ്കീമുകളിൽപെട്ടവയും ചങ്ങനാശ്ശേരി, കോട്ടയം മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് പ്ലാനുകൾ ഭൂവിനിയോഗ നിയന്ത്രണ ചട്ടങ്ങൾ പുതുക്കി അംഗീകരിച്ചവയുമാണ്. മറ്റ് അംഗീകൃത നഗരാസൂത്രണ പദ്ധതികൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആവശ്യത്തിന് സ്റ്റാഫില്ലാത്തതിനാൽ പല മാസ്റ്റർ പ്ളാനുകളും വൈകുന്ന സാഹചര്യത്തിൽ നടപടികൾക്ക് വേഗത കൂട്ടാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് ലഘൂകരിച്ച് പഞ്ചായത്തുകൾക്ക് മാത്രമായുള്ള റൂൾസ് ഉടൻ

പ്രസിദ്ധീകരിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

42 (*334) മറൈൻ ഫിഷറീസ് റഗുലേഷൻ നിയമം

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, കേരള മറൈൻ ഫിഷറീസ് റഗുലേഷൻ നിയമം (കെ.എം.എഫ്.ആർ ആക്ട്) 1980 നവംബർ 24-ന് നിലവിൽ വരികയും ഇതിന്റെ അടിസ്ഥാനത്തിൽ കെ.എം.എഫ്.ആർ. റൂൾസ് 1980 നവംബർ 29-ന് പ്രാബല്യത്തിൽ വന്നുവെന്നും നിയമത്തിലെ വ്യവസ്ഥകളെല്ലാം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അനധികൃതവും വിനാശകാരികളുമായ വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുകവഴി മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഒരു പരിധിവരെ ഉറപ്പുവരുത്താൻ കഴിയുന്നു. വർഷകാല ട്രോളിംഗ് നിരോധനംമൂലം മത്സ്യസമ്പത്തിൽ വർദ്ധനവുണ്ടെന്ന് ഇതുസംബന്ധിച്ച് പഠനം നടത്തിയ വിദഗ്ദ്ധ സമിതി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി വാർഷിക വിറ്റുവരവ് 446 കോടി രൂപയിൽനിന്നും 2198 കോടി രൂപയായും മത്സ്യകയറ്റുമതി വരുമാനം 123 കോടി രൂപയിൽനിന്നും 1040 കോടി രൂപയായും വർദ്ധിച്ചതായി വിദഗ്ദ്ധ കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 2008-09-ലെ കയറ്റുമതി വരുമാനം 1569 കോടി രൂപയാണ്. കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കഴിയുന്നതിലൂടെ മത്സ്യബന്ധന മേഖലയിൽ കൂടുതൽ ഉൽപ്പാദനവും അതുവഴി കൂടുതൽ വരുമാനവും ഉണ്ടാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. സി.എം.എഫ്.ആർ.ഐ. 2005-ൽ നടത്തിയ മറൈൻ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യാനങ്ങളുടെ എണ്ണം 29177 ആണ്. കെ.എം.എഫ്.ആർ. ആക്ട് പ്രകാരം

വ്യവസ്ഥ ചെയ്തിട്ടുള്ള കടൽ മേഖലകളിൽ തന്നെയാണ് യന്ത്രവൽകൃത ബോട്ടുകളും പരമ്പരാഗത വള്ളങ്ങളും മത്സ്യബന്ധനം നടത്തിവരുന്നത്. ഇത് മോണിട്ടർ ചെയ്യുന്നതിന് ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സംസ്ഥാന ഫിഷറീസ് വകുപ്പിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നു. ഏകീകൃത ഉൾനാടൻ മത്സ്യബന്ധന നിയമം സംസ്ഥാനത്ത് കൊണ്ടുവരുന്നതിനുള്ള കരട് തയ്യാറാക്കിയിട്ടുണ്ട്. ഹൈസ്പീഡ് എൻജിനുകൾ ഘടിപ്പിച്ച ബോട്ടുകൾ മത്സ്യബന്ധനത്തിലേർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണെന്നും വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികൾക്ക് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ  മത്സ്യബന്ധനം നടത്തുന്നതിന് സാറ്റലൈറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2647 മുതൽ 2896 വരെയുള്ള ചോദ്യങ്ങളിൽ 179 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)